# മരണം

മരണത്തെക്കുറിച്ച് എനിക്കു വായനയിലൂടെ ലഭിച്ച ചില അറിവുകളും അതിനെക്കുറിച്ച് ദൈവം എന്റെ ഹൃദയത്തിൽ നൽകിയ വ്യത്യസ്ഥമായ ഒരു ഗാനത്തിന്റെ വരികളും തങ്ങളുടെ പ്രീയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന ദൈവമക്കളുടെ ആശ്വാസത്തിനായി പങ്കുവെയ്ക്കുവാൻ ഞാൻ കർത്താവിൽ ശരണപ്പെടുന്നു.
മരണം എന്നത് എല്ലാ മനുഷ്യരും അഭിമുഖീകരിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. മരണത്തിനു സന്ദർശിക്കുവാൻ ശിശു എന്നോ വയോധികനെന്നോ ധനവാനെന്നോ ദരിദ്രനെന്നോ ഇല്ല . സാധു കൊച്ചുകുഞ്ഞുപദേശി പാടിയതുപോലെ

"പതിനായിരം നില പൊക്കിപ്പണിഞ്ഞാലും
അതിനുള്ളിലും മൃത്യു കയറിച്ചെല്ലും"

ജീവനെത്തന്നവൻ മടക്കിച്ചോദിച്ചാൽ അവധി പറയുവാൻ ആർക്കും സാദ്ധ്യമല്ല . ഒരു ദൈവപൈതലിന്റെ ജീവൻ ദൈവത്തിന്റെ ജീവഭാണ്ഡത്തിൽ കെട്ടപ്പെട്ടിരിക്കുന്നു (1 ശമു: 25: 29) . ദൈവം വിളിക്കുമ്പോൾ മാത്രമേ അതവിടെ നിന്നും മാറ്റപ്പെടുകയുള്ളു . അതു സ്വാഭാവിക മരണമോ അപകട മരണമോ ആകാം . ഭക്തനായ ഇയ്യോബിന്റെ പത്തു മക്കൾക്കും സംഭവിച്ചതു അപകട മരണമാണ്.
മരണത്തിനു തിരുവചനത്തിൽ 9 പേരുകൾ പറയുന്നു
അതിൽ ചില പേരുകൾക്കു മൂലഭാഷയിൽ കൊടുത്തിരിക്കുന്ന അർത്ഥം ഒന്നു ശ്രദ്ധിക്കാം .

**1 . നിദ്ര** (1തെസ്സ: 4 : 13,14,15)
നിദ്ര = ഉറക്കം
നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിന് നിദ്ര കൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു എന്നു പൗലൊസ് പറയുന്നു . സെമിത്തേരി എന്ന വാക്കിനു ഉറക്കമുറിയെന്നാണർത്ഥം . ദൈവപൈതലിന്റെ മരണം കേവലം ഉറക്കം മാത്രമാണ്.

**2 . നിര്യാണം** (ലൂക്കോ: 9: 31 , 2 തിമൊ: 4: 6)
നിര്യാണം = യാത്രയാകുവാൻ തുടങ്ങുക .
മൂലഭാഷയിൽ ഈ പദം നാലു കാര്യങ്ങൾക്കായി ഉപയോഗിച്ചിരിക്കുന്നു . കൂട്ടിലടച്ചിരിക്കുന്ന കിളിയെ തുറന്നു വിടുക , ഒരു തുറമുഖത്തു കിടക്കുന്ന കപ്പൽ അടുത്ത തുറമുഖത്തേക്കു യാത്രയാകുക , ട്രെയിനിംഗ്പീരിയഡ് കഴിഞ്ഞ് ഒരു പടയാളി മടങ്ങിപ്പോകുക , പകൽ മുഴുവനും നുകം വഹിച്ച ഒരു കാളയുടെ കഴുത്തിൽ നിന്നും നുകം എടുത്തു മാറ്റുക എന്നിവയാണ്.

ശരീരമാകുന്ന കൂട്ടിൽ നിന്നും ആത്മാവാം കിളി പറന്നുയരുക , ലോകസാഗരത്തിൽ നങ്കൂരമടിച്ചിരിക്കുന്ന ജീവിത കപ്പൽ സ്വർഗ്ഗീയ തുറമുഖത്തേക്കു യാത്രയാകുക , നുകം വെച്ച കാളയെപ്പോലെ യജമാനന്റെ വയലിൽ ജോലി

ചെയ്തിട്ട് വേല തീർത്തു മടങ്ങിപ്പോകുന്ന അവസ്ഥ എന്നിവയാണ് നിര്യാണം എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്.

3 . മരണം (ഫിലി 1 : 21)

മരണം = തുള്ളിച്ചാടി തുള്ളിച്ചാടിപ്പോകുക .

ക്രിസ്തുവിൽ മരിക്കുന്ന ഭക്തന്മാരുടെ ആത്മാക്കൾ ഈ ദുഷ്ട ലോകത്തിൽ നിന്നും തങ്ങളുടെ സ്വർഗ്ഗീയ ഭവനത്തിലേക്കു തുള്ളിച്ചാടി തുള്ളിച്ചാടിയാണു കടന്നു പോകുന്നത് . ആകയാൽ നമുക്കു മുൻപേ കടന്നു പോയ പ്രീയപ്പെട്ടവരെ ഓർത്തു നാം വിലപിക്കേണ്ട കാര്യമില്ല . അവർ തങ്ങൾ പ്രീയം വെച്ചിരുന്ന കർത്താവിന്റെ സന്നിധിയിൽ സമാധാനത്തോടെ വിശ്രമിക്കുകയാണ്. നമ്മുടെ കർത്താവിന്റെ വരവ്ഏറ്റം അടുത്തു . നാമും നമ്മുടെ പ്രീയപ്പെട്ടവരും ഒരുമിച്ച് യുഗായുഗങ്ങൾ കർത്താവിന്റെ മുഖം കണ്ട് ആരാധിക്കുന്ന സുദിനത്തിനായി നമ്മെത്തന്നെ ഒരുക്കി പ്രത്യാശയോടെ കാത്തിരിക്കാം .

(നമ്മുടെ പ്രീയപ്പെട്ട ഒരാളുടെ മരണ സമയത്തു നാം വല്ലാതെ സങ്കടപ്പെടുന്നതും കരയുന്നതും കണ്ടിട്ട് , ആ ആത്മാവിന് ചില നിമിഷങ്ങൾ അവിടെ നിന്ന് നമ്മോടു സംസാരിക്കുവാൻ കഴിയുമായിരുന്നെങ്കിൽ എന്തു പറയുമായിരുന്നു എന്ന ഒരു ചിന്തയാണ് താഴെ കൊടുത്തിരിക്കുന്ന ഗാനത്തിൽ അടങ്ങിയിരിക്കുന്നത്) .

പ്രീയരേ പ്രീയരേ കരയല്ലേ ഞാൻ പോകട്ടെ
വീണ്ടും നാം ഒരുമിച്ചു കാണുമ്പോൾ സന്തോഷിക്കും
കരയല്ലേ കരയല്ലേ (2)

മരണത്തിന്റെ വഴിയായി ഞാൻ കടന്നു പോകുന്നു
തുള്ളിച്ചാടി തുള്ളിച്ചാടി സന്തോഷിച്ചു പോകുന്നു
കരയല്ലേ കരയല്ലേ (2) പ്രീയരേ പ്രീയരേ ...

എന്റെ യാത്രയിലെന്റെ കൂട്ടിനായ് ദൂതരുണ്ട്
അന്ധകാര ഭീതികളോ സങ്കടമോ ഇല്ലല്ലോ
കരയല്ലേ കരയല്ലേ (2) പ്രീയരേ പ്രീയരേ ...

മണ്ണാകുമെൻ ശരീരം മണ്ണോടു ചേർന്നീടിലും
വിണ്ണിലെന്റെ ഗേഹത്തിലെന്നാത്മാവു വിശ്രമിക്കും
കരയല്ലേ കരയല്ലേ (2) പ്രീയരേ പ്രീയരേ ...

ഞാൻ കടന്നു പോയാലും യേശു നാഥൻ ഇല്ലയോ
അന്ത്യത്തോളം നിങ്ങളെ അവൻ കൈവിടുകയില്ലല്ലോ
കരയല്ലേ കരയല്ലേ (2) പ്രീയരേ പ്രീയരേ ...

കാഹളം ധ്വനിക്കുമ്പോൾ നാമെല്ലാം ഉയർത്തിടും
അന്നു നാഥനോടൊത്തു നാം സന്തോഷിച്ചാനന്ദിക്കും
കരയല്ലേ കരയല്ലേ (2) പ്രീയരേ പ്രീയരേ ...